പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2861 **29-10-2026-ൽ മറുപടിയ്ക്ക്**

കാഞ്ഞിരപ്പള്ളി-മണിമല-കൂളത്തൂർമൂഴി പരിസ്ഥിതിസൗഹൃദ ലിങ്ക് റോഡ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. റോണി. കെ. ബേബി ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കാഞ്ഞിരപ്പള്ളി-മണിമല-കൂളത്തൂർമൂഴി പരിസ്ഥിതിസൗഹൃദ ലിങ്ക് റോഡിന്റെ നിർമ്മാണം നീളുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിൽ കാലതാമസം നേരിട്ടത് ഭൂമി ഏറ്റെടുക്കൽ മൂലമാണ്. ഭൂമി വിട്ടുനൽകുന്നത് ഫ്രീ സറണ്ടർ മുഖേനയാണ്. ആയതിനാൽ ഈ പ്രവൃത്തി നടപ്പാക്കുന്നതിന് സ്ഥലം ലഭിക്കുന്നതിന് വന്ന തടസ്സങ്ങൾ പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. KSEB യൂട്ടിലിറ്റി ഷിഫ്റ്റിങ് നടപ്പാക്കുന്നതിന് നേരിട്ട കാലതാമസം, 2026 ആഗസ്റ്റ് മാസമുണ്ടായ ജലപ്രളയം എന്നീ കാരണങ്ങൾ കൊണ്ടാണ് ടി റോഡിലെ കലുങ്കുകളുടെയും റോഡ് subgrade ന്റെയും നിർമ്മാണം തടസപ്പെടുവാൻ ഇടയായിട്ടുള്ളത്.

കെ..ആർ.എഫ്.ബി - പി.എം.യു മുഖേന കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാഞ്ഞിരപ്പള്ളി മണിമല കൂളത്തൂർമൂഴി കർഷക സൗഹൃദ ലിങ്ക് റോഡിന് 10.02.2017-ലെ G.O (Rt) 942/2017/PWD പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതിയും, 79,10,72,236/- രൂപയുടെ സാമ്പത്തികാനുമതിയും, 85,81,98,699/- രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് M/s Begorra Construction Pvt Ltd മായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. തുടർന്ന് 85,62,09,070/- രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി രണ്ട് സ്ട്രെച്ചുകൾ ആയിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. stretch 1- കാഞ്ഞിരപ്പള്ളി മുതൽ മന്നനാനി (ch: 0/000- 6/990)വരെയും stretch 2- മണിമല മുതൽ കൂളത്തൂർമൂഴി (12/250-24/000) വരെയും ആയിട്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. 10 m RoW ൽ, 7m വീതിയിൽ BM & BC ടാറിങ്ങും ഇരുവശങ്ങളിലും 1.50 m വീതിയിൽ റോഡിന്റെ ഷോൾഡർ ഉൾപ്പെടുത്തി ആണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. റോഡിന് ആവശ്യമായ വീതി കൂട്ടുന്നതിന് ഇരുവശങ്ങളിലുമുള്ള സ്ഥല ഉടമകളിൽ നിന്നും ഫ്രീ സറണ്ടർ മുഖേനയാണ് ഭൂമി ഏറ്റെടുക്കുന്നത്. stretch 1 ആയ കാഞ്ഞിരപ്പള്ളി മുതൽ മന്നനാനി വരെയുള്ള ഭാഗത്തെ സംരക്ഷണഭിത്തികളും, കലുങ്കുകളുടെ നിർമ്മാണപ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ കലുങ്കുകളുടെ wing wall ന്റെ പ്രവർത്തികളും റോഡിന്റെ formation പ്രവൃത്തികളാണ് നടന്നു വരുന്നത്. Stretch 2 ൽ സ്ഥലം ഏറ്റെടുത്ത് സംരക്ഷണ ഭിത്തികളുടെ നിർമ്മാണങ്ങളും നടന്നു വരുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തികളും നടന്നുവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന്റെ ഭാഗമായുള്ള DI പൈപ്പുകളുടെ പ്രവർത്തികൾ അവ സൈറ്റിൽ എത്തുന്ന മുറയ്ക്ക് ആ പ്രവർത്തികൾ ചെയ്ത് ടി പദ്ധതി പൂർത്തീകരിക്കുന്നതാണ്.

(ബി) ശബരിമല തീർത്ഥാടകർക്ക് പ്രയോജനപ്പെടുന്ന പ്രവൃത്തിയുടെ ആദ്യഭാഗം സീസൺ ആരംഭിക്കുന്നതിനു മുമ്പ് പൂർത്തിയാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> ശബരിമല സീസണിന് മുൻപായി ശബരിമല തീർത്ഥാടകർ കടന്നു പോകുന്ന മന്നംപ്ലാവ് മുതൽ മൂന്നാം മൈൽ വരെയുള്ള ഭാഗം DGBM ചെയ്ത സഞ്ചാരയോഗ്യമാക്കും. ബാക്കിയുള്ള ഭാഗം DGBM ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചവരുന്നു.

സെക്ഷൻ ഓഫീസർ